15 YEARS OF CELEBRATING THE MAHATMA

# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് -ഗവണ്മെന്റ് കോളേജ് അദ്ധ്യാപകർ - ജിയോളജി വിഭാഗം പൊതു സ്ഥലം മാറ്റം 2020 -21 ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഉത്തരവ് നമ്പർ എ1/7316/2020/കോവിവ തീയതി 21/08/ 2020**

പരാമർശം :

1.ഈ ഓഫീസിലെ 08/ 01 / 2020 തീയതിയിലെ എ 1 / 60002/20 നമ്പർ സർക്കുലർ
2.ജി ഒ (എം.എസ്)നമ്പർ 27/1994/ ഉ.വി.വ തീയതി 21/ 02 / 1994
3.ജി ഒ (എം.എസ്)നമ്പർ 114/ 2004 ഉ.വി.വ തീയതി 01/ 08/ 2004
4.ജി ഒ (പി )നമ്പർ 01/ 2005 / ഉ.വി.വ തീയതി 04/ 01/ 2006
5.ജി ഒ (പി)നമ്പർ 06/ 2007 പി & ആർ ഡി തീയതി 04/ 12/ 2007
6.02.06.2020 തീയതിയിലെ ഇതേ നമ്പർ കരട് സ്ഥലംമാറ്റ പട്ടിക
7.ജി ഒ (എം.എസ്)നമ്പർ 130/2017 / ഉ.വി.വ തീയതി 16/ 05/ 2017
8.സ. ഉ (പി ) നമ്പർ 03/ 2017/ ഉ. ഭ. പ . വ തീയതി 25/ 02/ 2017

## ഉത്തരവ്

സർക്കാർ കോളേജുകളിലെ ജിയോളജി വിഭാഗം അദ്ധ്യാപകരുടെ 2020 -21 ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം 6 പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതി ഉണ്ടെങ്കിൽ ആയത് 10 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതനുസരിച്ച് ലഭിച്ച പരാതികളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ചുവടെ കാണുന്ന പ്രകാരം ജിയോളജി വിഭാഗം സർക്കാർ കോളേജ് അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലംമാറ്റി നിയമിക്കുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീ അജിത് ജി നായർ<br>ഗവണ്മെന്റ് കോളേജ് കോട്ടയം<br>(അപേക്ഷ ) | കോളേജ് ഓഫ് എഞ്ചിനീയറിംഗ് ശ്രീകാര്യം തിരുവനന്തപുരം<br>ശ്രീ ബിജു ലോങ്ങിനോസ് - നെ മാറ്റുന്ന ഒഴിവിൽ ) |
| 2 | ശ്രീ അരുൺ ജെ ജോൺ<br>യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം | ഗവണ്മെന്റ് കോളേജ് കോട്ടയം<br>ശ്രീ അജിത് ജി നായർ -നു സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ |
| 3 | ശ്രീ ബിജു ലോങ്ങിനോസ്<br>കോളേജ് ഓഫ് എഞ്ചിനീയറിംഗ് ശ്രീകാര്യം | യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം<br>ശ്രീ അരുൺ ജെ ജോൺ- നെ സ്ഥലം മാറ്റുന്ന ഒഴിവിൽ |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ ജോലി ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോയിൻ ചെയ്യേണ്ടതുമാണ് .ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

**ഒപ്പ് /-**
**വിഗ്നേശ്വരി വി ഐ എ എസ്**
**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്
1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2.ബന്ധപ്പെട്ട അദ്ധ്യാപകന്
3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
4.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5.എ / ബി സെക്ഷൻ സൂപ്രണ്ട്
6.അക്കൗണ്ടന്റ് ജനറൽ എ &ഇ എസ് .എച്ച് മൗണ്ട് റോഡ് ,നാഗമ്പടം ബ്രാഞ്ച് ഓഫീസ് കോട്ടയം
7.കരുതൽ ഫയൽ /ഓഫീസ് ഫയൽ

//അംഗീകാരത്തോടെ //

സൂപ്രണ്ട്